# പുകവലി നിരോധനം ജലരേഖയാകുന്നു

**സ്വന്തം ലേഖകൻ**

തിരുവനന്തപുരം: ആരംഭഘട്ടത്തിൽ ഫലപ്രദമായി നടപ്പിലാക്കിയിരുന്ന പുകവലി നിരോധന നിയമം ഇപ്പോൾ രേഖകളിൽ മാത്രമായി ഒതുങ്ങുന്നു.

കർശന നടപടി ഉണ്ടാകില്ല എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയുടെ ചുവടുപിടിച്ച് പോലീസ് ഇപ്പോൾ കേസുകൾ ചാർജ് ചെയ്യുന്നില്ല. ബീഡി തൊഴിലാളികൾ നടത്തിയ ഹൈക്കോടതി മാർച്ചിനെത്തുടർന്ന് കോടതിയുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകുന്നില്ല. ജില്ലാ കുറ്റകൃത്യ രേഖപ്പെടുത്തൽ കേന്ദ്രങ്ങളിലും (ഡി.സി.ആർ.ബി.) പുകവലി സംബന്ധിച്ച് ചാർജ് ചെയ്ത കേസുകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

ഇന്ത്യൻ പീനൽ കോഡിന്റെ 1981 ലെ പരിസര മലിനീകരണ നിയന്ത്രണ നിമയത്തിന്റെ ഭാഗമായാണ് കോടതി അടുത്തിടെ പൊതുസ്ഥലങ്ങളിലെ പുകവലി തടഞ്ഞുകൊണ്ടുള്ള ഉത്തരവിട്ടത്. ഈ നിയമപ്രകാരം പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നവർക്ക് 500 രൂപ വരെ പിഴയും 15 ദിവസത്തെ ജയിൽ ശിക്ഷയും ലഭിക്കാവുന്നതാണ്.

ജനങ്ങളെ ബുദ്ധിമുട്ടിക്കേണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ടെന്ന് പോലീസ് അധികൃതർ പറയുമ്പോൾ പുകവലിക്കുന്ന ന്യൂനപക്ഷമാണോ? അതോ പുകവലിക്കാതിരുന്നിട്ടും അതിന്റെ പാർശ്വഫലങ്ങൾ അനുഭവിക്കേണ്ടി വരുന്ന ഭൂരിപക്ഷമാണോ ജനം എന്ന സംശയം ബാക്കിയാകുന്നു. പൊതുസ്ഥലങ്ങളിലെ പുകവലി നിരോധിച്ചുകൊണ്ടുള്ള നിയമം അട്ടിമറിക്കപ്പെടുന്നതിൽ മനുഷ്യാവകാശ സംഘടനകളും പരിസ്ഥിതി പ്രവർത്തകരും എതിർപ്പു പ്രകടിപ്പിച്ചുതുടങ്ങിയിട്ടുണ്ട്. കോടതി വിധികൾ പലതും കാറ്റിൽ പറത്തിയപോലെ ഈ നിയമവും അവഗണിക്കാനാണ് സർക്കാർ നീക്കമെങ്കിൽ അതിനെതിരേ പ്രതികരിക്കേണ്ടി വരുമെന്ന് അവർ പറയുന്നു.